**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2006** **03-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഐ.ടി. പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് സർക്കാർ ഐ.ടി. പാർക്കിൽ നിലവിൽ എത്ര സംരംഭകർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് സർക്കാർ ഐ.ടി പാർക്കിൽ (സൈബർപാർക്കിൽ) നിലവിൽ 80 ഐ.ടി കമ്പനികൾ പ്രവർത്തിച്ച് വരുന്നു. |
| (ബി) | കോഴിക്കോട് സർക്കാർ ഐ.ടി. പാർക്ക് വിപുലീകരണത്തിനു പദ്ധതികൾ നിലവിലുണ്ടോ; | (ബി) | ഐ.ടി കമ്പനികളുടെ വർദ്ധിച്ചു വരുന്ന സ്പേയ്സ് ആവശ്യം നിറവേറ്റുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി രണ്ടാമത്തെ ഐ.ടി. മന്ദിരം നിർമ്മിക്കാനുള്ള നടപടികൾ സൈബർപാർക്ക് സ്വീകരിച്ചു വരുന്നു. പ്രസ്തുത ഐ.ടി. മന്ദിരം പൂർത്തിയാകുന്ന മുറയ്ക്ക് 4 ലക്ഷം ചതുരശ്ര അടി വരുന്ന ഐടി സ്പേയ്സ് കമ്പനികൾക്ക് നൽകുവാനും ഏകദേശം 4500 - ഓളം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാവും. |
| (സി) | കോഴിക്കോട് ജില്ലയിൽ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിൽ ഐ.ടി അധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിന് സർക്കാർ വിവിധങ്ങളായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കോഴിക്കോട് താലൂക്കിൽ പന്തീരാങ്കാവ്-നെല്ലിക്കോട് വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന സർക്കാർ ഐ.ടി പാർക്കായ സൈബർപാർക്കിലെ നിലവിലുള്ള ഐ.ടി കെട്ടിടത്തിലെ (Sahya building) മുഴുവൻ സ്പേയ്സിലും വിവിധ ഐ.ടി. കമ്പനികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 3.5 ലക്ഷം ച.അടി വരുന്ന പ്രസ്തുത കെട്ടിടത്തിൽ 80 കമ്പനികളിലായി 2200 പേർ ജോലി ചെയ്തു വരുന്നു.<br><br>ജില്ലയിൽ വർദ്ധിച്ചുവരുന്ന പശ്ചാത്തല സൗകര്യ ആവശ്യം പരിഗണിച്ച് Sahya building ന്റെ സമീപത്ത് 193 കോടി ചെലവ് പ്രതീക്ഷിക്കുന്ന 4 ലക്ഷം ച.അടി വരുന്ന രണ്ടാമത്തെ ഐ.ടി കെട്ടിടത്തിന്റെ നിർമ്മാണം നബാർഡിന്റെ നിഡ (NIDA) പദ്ധതിയിലുൾപ്പെടുത്തി നിർവഹിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തെ ഒരു വൈജ്ഞാനിക സാമ്പത്തിക കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി നഗരപ്രദേശങ്ങളിൽ നിന്നു മാറി വില്ലേജ് പരിധിയിലുള്ള സ്ഥലങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവൃത്തികൾ ചെയ്യുന്നതിനു ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് സർക്കാർ സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുത്ത് വർക്ക് നിയർ ഹോം (WNH) കേന്ദ്രങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്.<br><br>UL സൈബർപാർക്കിന്റെ നിലവിലെ 4 ലക്ഷം ച.അടി ഐ.ടി . കെട്ടിടത്തിലെ മുഴുവൻ സ്പേയ്സിലും വിവിധ ഐ.ടി. കമ്പനികൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ ഏകദേശം 3000 ഐ.ടി. ജീവനക്കാർ ജോലി ചെയ്യുന്നു.<br><br>ജില്ലയിൽ ഐ.ടി. അധിഷ്ഠിത വികസനങ്ങൾ ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വർഷം തോറും അന്തർദേശീയ നിലവാരത്തിൽ KTX Expo തുടങ്ങിയ മെഗാ Exhibition സംഘടിപ്പിക്കുന്നതിന് സർക്കാർ എല്ലാവിധ പ്രോത്സാഹനവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ